പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5749 | 29.07.2015-ൽ മറുപടിക്ക്.

# അഗ്നിശമന സേനയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | : (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നത് ലക്ഷ്യമാക്കി, സേനയുടെ ആധുനികവത്ക്കരണത്തിന് അനുവദിച്ച തുകയിൽ 37.75 കോടി രൂപ ചെലവഴിച്ച് ആധുനിക വാഹനങ്ങളും, ഉപകരണങ്ങളും വാങ്ങുകയുണ്ടായി. |
| (ബി) ആധുനികവൽക്കരണം സാദ്ധ്യമാക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി എത്ര വാഹനങ്ങൾ വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | : (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പിൽ പുതുതായി വാങ്ങിയ വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | വാഹനങ്ങളുടെ വിവരം | എണ്ണം | ചെലവായ തുക |
| --- | --- | --- | --- |
| 1. | എമർജൻസി ടെണ്ടർ (ഫാബ്രിക്കേഷൻ) | 3 | 20000000 |
| | റിക്കവറി വെഹിക്കിൾ (ഫാബ്രിക്കേഷൻ) | 2 | |
| 2. | ക്യുക്ക് റെസ്പോൺസ് വെഹിക്കിൾ | 11 | 5232502 |
| 3. | മോട്ടോർ ബൈക്ക് വിത്ത് വാട്ടർമിസ്റ്റ് സിസ്റ്റം | 20 | 1930122 |
| 4. | വാട്ടർമിസ്റ്റ് സിസ്റ്റം | 20 | 12008345 |
| 5. | വാട്ടർ ടെണ്ടർ (ഷാസികൾ) | 81 | 90491580 |
| 6. | വാട്ടർ ടെണ്ടർ (ഫാബ്രിക്കേഷൻ) | 50 | 83275190 |
| 7. | ആംബുലൻസ് | 22 | 15836634 |
| 8. | ജീപ്പുകൾ | 65 | 35542265 |
| | | ആകെ | 264316638 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പുതിയതായി എത്ര ഫയർ സ്റ്റേഷനുകളും എത്ര ജീവനക്കാരുടെ തസ്തികകളും സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് പുതിയ ഫയർ സ്റ്റേഷനുകളും താഴെപറയും പ്രകാരമുള്ള തസ്തികകളും അനുവദിച്ചു.

| | |
|---|---|
| സ്റ്റേഷൻ ഓഫീസർ | 14 |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 15 |
| ലീഡിംഗ് ഫയർമാൻ | 56 |
| ഡ്രൈവർ മെക്കാനിക്ക് | 13 |
| ഫയർമാൻ | 331 |
| ഫയർമാൻ ഡ്രൈവർ | 80 |
| എൽ.ഡി.ക്ലാർക്ക് | 14 |
| പാർട്ട് ടൈം സ്വീപ്പർ | 20 |
| ആകെ | 543 |

മേൽപ്പറഞ്ഞത് കൂടാതെ 2 സ്റ്റേഷൻ ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്ത് 2 അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ തസ്തികകളും, 1 ഡെപ്യൂട്ടി ഡയറക്ടർ (ഭരണം) തസ്തിക അപ്ഗ്രേഡ് ചെയ്ത് 1 ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) തസ്തികയും 20 ക്ലാർക്ക് തസ്തിക, 13 ജൂനിയർ സൂപ്രണ്ട്, 4 ഹെഡ് ക്ലാർക്ക്, തസ്തികകളായി അപ്പ് ഗ്രേഡ് ചെയ്യുകയും 3 എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക പുതുതായി സൃഷ്ടിക്കുകയും ചെയ്തു.

(ഡി) അഗ്നിശമനസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം ആധുനികവൽക്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) സ്വന്തമായി സ്ഥലവും കെട്ടിടവും ഒരുക്കിത്തരുന്ന സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് അടിയന്തിര സഹായമായി 175.63 കോടി രൂപ അനുവദിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഗതാഗതകുരുക്ക് മൂലം അപകട സ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകടസ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും

ആധുനിക വാഹനങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധുനികവത്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുവഴി ബഹുനിലകെട്ടിടങ്ങൾക്ക് നിരാക്ഷേപസാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺ ലൈൻ മുഖാന്തിരം സമർപ്പിക്കാൻ പര്യാപ്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

VBeena

സെക്ഷൻ ഓഫീസർ